**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 6080** **09.07.2013-ൽ മറുപടിക്ക്.**

**കോടതികളുടെ ആധുനികവത്ക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കോടതികളുടെ ആധുനികവത്ക്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | : (എ) ഹൈക്കോടതിയുടെ ആധുനികവത്ക്കരണത്തിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. സബോർഡിനേറ്റ് കോടതികളുടെ ആധുനികവത്ക്കരണത്തിന് വേണ്ടി ജില്ലാ മജിസ്ട്രേറ്റുമാരോടും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരോടും കൂടി ആലോചിച്ച് ആവശ്യമായ നിർദ്ദേശം ലഭ്യമാക്കാൻ ഹൈക്കോടതി രജിസ്ട്രാർ പൊതുമരാമത്ത് വകുപ്പ് അധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കോടതികളിൽ 'ഇ'കോർട്ട് സംവിധാനം നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) മഞ്ചേരി കോടതി സമുച്ചയത്തിന് പുതിയ കെട്ടിട നിർമ്മാണം നടത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ; | : (ബി) മഞ്ചേരി കോടതി സമുച്ചയത്തിന് പുതിയ കെട്ടിട നിർമ്മാണത്തിന്റെ പ്ലാൻ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചിട്ടുണ്ട്. |
| (സി) മഞ്ചേരി കോടതി സമുച്ചയത്തിൽ സ്ഥലപരിമിതി മൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | : (സി) ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ രജിസ്ട്രാറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ